ധാരണാപത്രം പുതുക്കുമ്പോൾ സംസ്ഥാന താൽപപ്പര്യങ്ങൾ സംരക്ഷിക്കുന്നു ണ്ടെന്നുള്ളകാര്യം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നതാണ്.

13 (*517) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വ്യവ സായ സംരംഭകർക്കുള്ള ആനുകൂല്യങ്ങൾ

ശ്രീ. സി.പി. ബാലൻവൈദ്യർ :

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :

ശ്രീ. സി.കെ. രാജേന്ദ്രൻ :

ശ്രീ. പി.കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ട വ്യവസായ സംരംഭകർക്ക് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ സഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്ന തിനാണ് സഹായം നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ മൂന്നു വർഷമായി പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തെ എത്ര പട്ടികവർഗ്ഗ/പട്ടികജാതി വിഭാഗങ്ങൾക്ക് സഹായം നൽകി എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര വീതം;

(ഡി) പ്രസ്തുത പദ്ധതിപ്രകാരം സഹായം ലഭിക്കുന്നതിന് ഉപഭോ ക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം എന്തെന്ന് വ്യക്തമാക്കുമോ:

(ഇ) ചെറുകിട വ്യവസായ സംരംഭകർക്ക് മുടക്കുന്നതിന് സബ്സിഡി നൽകി വരുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം;

(എഫ്)പ്രസ്തുത പദ്ധതി വർദ്ധിപ്പിക്കേണ്ടതുണ്ടെന്ന് സർക്കാർ കരു തുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

പിന്നോക്ക പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പട്ടികജാതി സംരംഭകർക്ക് പ്രായോഗികവും ഗുണപ്രദവുമായ ഏത് ചെറുകിട/കുടിൽ വ്യവസായവും നടത്തുന്നതിന് സഹായം നൽകി വരു ന്നുണ്ട്. പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് വായ്പ ലഭിക്കാൻ അർഹതയുള്ള വ്യവ സായങ്ങളുടെ വിവരങ്ങൾ അനുബന്ധം ഒന്നായും, പ്രത്യേക ഘടക പദ്ധതി പ്രകാരം വ്യവസായ വാണിജ്യ വകുപ്പുവഴി ധനസഹായം നൽകുന്ന സംരംഭ ങ്ങളുടെ വിവരം അനുബന്ധം രണ്ടായും സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിവരുന്ന സംരംഭങ്ങളുടെ വിവരം അനുബന്ധം മൂന്നായും ചേർത്തിട്ടുണ്ട്.†

(സി) ഉണ്ട്.

(i) പട്ടികജാതി വികസനവകുപ്പ് നൽകിയ സഹായങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

കുടിൽ വ്യവസായ ശൃംഖല പദ്ധതി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

വർഷം	ഭൗതികനേട്ടം
1996-97	പദ്ധതി ആവിഷ്കരിച്ചിരുന്നില്ല
1997-98	9 യൂണിറ്റുകൾ
1998-99	76 യൂണിറ്റുകൾ

(ii) പട്ടികവർഗ്ഗ വികസന വകുപ്പിൽനിന്നും 80 പേർക്ക് 10000 രൂപ വീതം ധനസഹായം നൽകിയിട്ടുണ്ട്.

(iii) വ്യവസായ വാണജ്യ വകുപ്പിൽ നിന്നും പ്രത്യേക ഘടക പദ്ധതി, ഗിരിവർഗ്ഗ ഉപപദ്ധതി പ്രകാരം നൽകിയിട്ടുള്ള സഹായങ്ങളുടെ വിവരം താഴെ പറയുന്നു.

പ്രത്യേക ഘടക പദ്ധതി

വർഷം	വ്യക്തികൾ	സഹകരണ സംഘങ്ങൾ
1996-97	374	21
1997-98	1030	58
1998-99	1224	90

ഗിരിവർഗ്ഗ ഉപപദ്ധതി

വർഷം	വ്യക്തികൾ	സഹകരണ സംഘങ്ങൾ
1996-97	1623	66
1997-98	തുക വകയിരുത്തിയിരുന്നില്ല	
1998-99		

(iii) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 66 പേർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വ്യവസായ സംരംഭങ്ങൾ തുടങ്ങാൻ സഹായം നൽകിയിട്ടുണ്ട്.

പലിശരഹിത വ്യവസായ വായ്പ പദ്ധതി

വർഷം	ഭൗതികനേട്ടം
1996-97	5
1997-98	1
1998-99	7

(ഡി) വ്യവസായ സംരംഭകരെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡം അനുബന്ധം IV ചേർത്തിരിക്കുന്നു†

(ഇ) ഉണ്ട്. പട്ടികജാതി വികസനവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന കുടിൽ വ്യവസായ ശൃംഖല പദ്ധതിപ്രകാരം ചെറുകിട വ്യവസായത്തിന്റെ പ്രോജക്ടിന്റെ 20% മോ 50,000 രൂപയോ ഏതാണ് കുറവ് അത് സബ്സിഡിയായി നൽകിവരുന്നു. വ്യവസായ-വാണിജ്യവകുപ്പ് മുഖേന ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് സ്ഥിരം മൂലധനത്തിന്റെ 15% സബ്സിഡി നൽകുന്നു. ഇതിനുപുറമെ സ്ഥിരം മൂലധനത്തിന്റെ 5% സബ്സിഡി കൂടി പട്ടി

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നുള്ള വ്യവസായികൾക്ക് നൽകുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(എഫ്)പട്ടികജാതി വികസനവകുപ്പു നടപ്പിലാക്കുന്ന കുടിൽ വ്യവ സായ ശൃംഖലാ പദ്ധതിയുടെ സബ്സിഡി വർദ്ധിപ്പിക്കുന്നകാര്യം സർക്കാ രിന്റെ സജീവ പരിഗണനയിലാണ്.

14 (*518) കുമാരപിള്ള കമ്മിഷൻ റിപ്പോർട്ട്

ശ്രീ. പി.ജെ. ജോയി :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാ സവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമാരപിള്ള കമ്മിഷൻ റിപ്പോർട്ടനുസരിച്ചുള്ള വിദ്യാഭ്യാസാനു കൂല്യങ്ങൾക്കായുള്ള വരുമാനപരിധി എത്രയാണ്;

(ബി) ഇത് എന്നാണ് നിർണ്ണയിച്ചത്;

(സി) ഇത് പുനർനിർണ്ണയിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരി ച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) കുമാരപിള്ള കമ്മിഷൻ റിപ്പോർട്ടനുസരിച്ച് വിദ്യാഭ്യാസാനുകൂ ല്യങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വരുമാനപരിധി ഗ്രൂപ്പ് ഒന്നിന് 36,000 രൂപയും ഗ്രൂപ്പ് രണ്ടിന് 42,000 രൂപയുമാണ്.

(ബി) 1994 ൽ.

(സി) ഈ വിഷയം ഗവൺമെന്റ് പരിശോധിച്ചുവരികയാണ്.

15 (*519) ഫീസ് നിരക്ക് ഏകീകരിക്കാൻ നടപടി

ശ്രീ. സത്യൻ മൊകേരി :
ശ്രീ. കെ. പ്രകാശ് ബാബു :
ശ്രീ. പി.എസ്. സുപാൽ :
ശ്രീ. എൻ. അനിരുദ്ധൻ :

പ്രൊഫ. മീനാക്ഷിതമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാ ഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാകാര്യ മേഖലയിലെ വിദ്യാലയങ്ങളിൽ ഫീസ് നിരക്കുകൾ ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടി ട്ടുണ്ടോ;

(ബി) എങ്കിൽ ഫീസ് നിരക്കുകൾ ഏകീകരിക്കുന്നതിന് ഉദ്ദേശിക്കു ന്നുണ്ടോ;

(സി) സ്വകാര്യ മേഖലയിലെ ഫീസ് നിരക്കുകൾ ഏകീകരിക്കുന്നതി നുള്ള എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാ ക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്):

(എ) ചില പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly